മ ത്താ . 16 : 13 – 19

**2023 നവംബർ 05**

## വചനസന്ദേശം

### ഫാ. റോബിൻ വാഴപ്പിള്ളി

# ക്രിസ്തു നിനക്ക് ആരാണ്?

ഇന്ന് പള്ളിക്കൂദാശാക്കാലം ഒന്നാം ഞായർ. സീറോ മലബാർ സഭയുടെ ആരാധനക്രമ വത്സരത്തിലെ അവസാനത്തെ കാലമായ പള്ളിക്കൂദാശാക്കാലത്തിലേക്ക് നാമിന്ന് പ്രവേശിക്കുകയാണ്. ഈ ഭൂമിയിൽ സ്ഥാപിതമായ ക്രിസ്തുവിന്റെ സഭയെ ഓർത്ത് ദൈവത്തിന് നന്ദി പറയുക, മിശിഹാ തന്റെ മണവാട്ടിയായി സഭയെ അവസാന വിധിക്കുശേഷം സ്വർഗസ്ഥനായ പിതാവിന് സമർപ്പിക്കുന്നത് അനുസ്മരിക്കുക, യുഗാന്തത്തിൽ സഭ അവളുടെ മക്കളോടൊപ്പം സ്വർഗീയ ജറുസലേമാകുന്ന നിത്യസൗഭാഗ്യത്തിൽ എത്തിച്ചേരുന്നതിന്റെ മുന്നാസ്വാദനം അനുഭവിക്കുക എന്നീ ലക്ഷ്യങ്ങളാണ് പള്ളിക്കൂദാശാക്കാലത്ത് നാം മനസ്സിൽ സൂക്ഷിക്കുന്നത്.

പള്ളിക്കൂദാശാക്കാലത്തിന്റെ ഈ ഒന്നാം ഞായറാഴ്ച സഭാസമർപ്പണത്തിരുനാളായിട്ടാണ് തിരുസ്സഭ ആഘോഷിക്കുന്നത്. തിരുസ്സഭയെ മനസ്സിൽ കണ്ടുകൊണ്ടെന്നോണം 'നീ പത്രോസാണ്. ഈ പാറമേൽ ഞാൻ സഭ സ്ഥാപിക്കും.' എന്ന് പറഞ്ഞുകൊണ്ട് ഈശോ തിരുസ്സഭയ്ക്ക് രൂപം കൊടുത്തതിനെയാണ് ഇന്ന് നാം പ്രത്യേകം ഓർക്കുന്നത്.

പൊതുവേ നമുക്കെല്ലാവർക്കും ഉള്ള ഒരു ആഗ്രഹമാണ് മറ്റുള്ളവർ നമ്മെക്കുറിച്ച് എന്താണ് ചിന്തിക്കുന്നത് അല്ലെങ്കിൽ നമ്മെക്കുറിച്ച് എന്താണ് പറയുന്നത് എന്ന് അറിയുവാൻ. അതുമല്ലെങ്കിൽ ഒരു പരിപാടി നടത്തിക്കഴിയുമ്പോൾ നമ്മൾ അതുമായി ബന്ധപ്പെട്ടവരെ വിളിച്ചു കൂട്ടി വിലയിരുത്തലും നടത്താറുണ്ട്. ഇതുപോലെ ഇന്നത്തെ വചനഭാഗത്തിൽ ഈശോയും തന്റെ ശിഷ്യന്മാരെ വിളിച്ചുകൂട്ടി രണ്ടു ചോദ്യങ്ങളാണ് അവരോട് ചോദിക്കുന്നത് ആദ്യത്തേത് മനുഷ്യ പുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? രണ്ടാമത്തെ ചോദ്യം മനുഷ്യപുത്രൻ ആരെന്നാണ് ശിഷ്യന്മാർ പറയുന്നത്? ആദ്യത്തെ ചോദ്യത്തിന് അവർ നൽകിയ ഉത്തരങ്ങൾ പലതായിരുന്നുവെങ്കിലും, രണ്ടാമത്തെ ചോദ്യത്തിന് ശിഷ്യന്മാർക്ക് ഒറ്റ ഉത്തരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് ശിമയോൻ പത്രോസിന്റെ ഉത്തരമായിരുന്നു. ശിമയോൻ പത്രോസ് പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് (മത്താ. 16:16).

ഈശോയുടെ ഈ ചോദ്യത്തിനും, പത്രോസിന്റെ ഉത്തരത്തിനും വളരെയേറെ പ്രസക്തിയുണ്ട്. ആ ചോദ്യം ചോദിക്കപ്പെട്ട ഇടം പ്രത്യേകതയുള്ള തായിരുന്നു. ഈശോ ഈ ചോദ്യം ഉന്നയിക്കുക കേസറിയ ഫിലിപ്പി പ്രദേശത്ത് വച്ചാണ്. നിരവധി വിജാതീയർ തിങ്ങിപ്പാർക്കുന്ന ഇടമായിരുന്നു അത്. പല തരത്തിലുള്ള മതവിഭാഗങ്ങളിലുള്ളവർ താമസിച്ചിരുന്ന സ്ഥലം ആയതുകൊണ്ട് തന്നെ നിരവധി വിജാതീയ ദേവന്മാരുടെ ബിംബങ്ങളും, അവർക്കുള്ള ആരാധനകളും പൂജകളും നടത്തപ്പെടുന്ന ഇടം. അങ്ങനെ അനേകം വിജാതീയ ദേവന്മാർ ഉള്ള ഇടത്തിൽ വച്ചാണ് ഈശോ ഈ ചോദ്യം ചോദിക്കുക. അനേകം വിജാതീയ ദേവന്മാരുടെ ഇടയിൽ ക്രിസ്തുവാണ് ഏകദൈവം, ഏക രക്ഷകൻ എന്ന് പത്രോസ് ഏറ്റു പറയുന്നത് പിതാവായ ദൈവത്തിൽ നിന്നുള്ള പ്രചോദനത്താലാണ്.

അന്ന് ഈശോ ഈ ചോദ്യം ചോദിച്ചത് ശിഷ്യന്മാരോട് ആണെങ്കിൽ, ഇന്ന് ക്രിസ്തു ഈ ചോദ്യം ചോദിക്കുക നമ്മൾ ഓരോരുത്തരോടും ആണ്. നിനക്ക് ക്രിസ്തുവാരാണ്? വിവിധതരത്തിലുള്ള വിശ്വാസങ്ങളുള്ള വ്യക്തികളുമായി ഇടപഴകുമ്പോൾ, കച്ചവടത്തിലെ ലാഭം ഉണ്ടാക്കാൻ ഉള്ള സാധ്യതകൾക്കിടയിൽ, നിന്റെ സ്നേഹബന്ധങ്ങൾക്കിടയിൽ, ജീവിതത്തിൽ ഓരോന്നായി നേടിയെടുക്കുവാനുള്ള നിന്റെ ഓട്ടത്തിനിടയിൽ ക്രിസ്തുവിന്റെ സ്ഥാനം എവിടെയാണ്? പത്രോസ് ഏറ്റു പറഞ്ഞതുപോലെ നീയാണ് ഏകദൈവം എന്നും, എന്റെ ജീവിതത്തിലെ ഫസ്റ്റ് പ്രയോറിറ്റി നീയാണെന്നും ഏറ്റുപറയാൻ നമുക്ക് സാധിക്കുമോ? ക്രിസ്തുവിന്റെ ഈ ചോദ്യം വളരെ ലളിതമായി തോന്നാം, എന്നാൽ ഉത്തരം വളരെ സൂക്ഷിച്ചുവേണം നൽകുവാൻ. കാരണം ദൈവാത്മാവിന്റെ പ്രചോദനത്താൽ ക്രിസ്തു ദൈവപുത്രനാണ് എന്ന് ഏറ്റുപറഞ്ഞ അതേ പത്രോസിനെയാണ് തൊട്ടടുത്ത സന്ദർഭത്തിൽ ഈശോ തന്റെ പീഡാനുഭവത്തിന്റെ ഒന്നാം പ്രവചനം നടത്തിയ വേളയിൽ അതിനു തടസ്സം നിന്നതുകൊണ്ട് പിശാച് എന്ന് വിളിച്ച് ശകാരിക്കുന്നത് (മത്താ. 16:23). നമ്മുടെ ജീവിതങ്ങളെ ദൈവസന്നിധിയിൽ തുറന്നു വച്ച് വിലയിരുത്തുവാൻ, ക്രിസ്തുവിന് നമ്മുടെ ജീവിതത്തിലുള്ള സ്ഥാനം കണ്ടെത്തുവാൻ, ക്രിസ്തുവിന്റെ ഈ ചോദ്യത്തിന് അവൻ ആഗ്രഹിക്കുന്ന ഉത്തരം കൊടുക്കാൻ നമുക്ക് ആകട്ടെ...

മിശിഹാ തുണയ്ക്കട്ടെ   എ